# നാടുകാണി ജാറവും 'സുന്നി'കളും

അമീർ ഒതുക്കുങ്ങൽ

**ഒ**രു ഇസ്‌ലാമിക ഗവൺമെന്റിന്റെ നിയമങ്ങളല്ല ഒരു മതേതര ഗവൺമെന്റ് നടപ്പിലാക്കുക. മതേതര ഗവൺമെന്റിൽ ഒരുത്തന് ഇസ്‌ലാമിക വിശ്വാസങ്ങളനുസരിച്ച് ജീവിക്കുവാനും അതിനനുസരിച്ച് കർമങ്ങൾ ചെയ്യാനും സ്വാതന്ത്ര്യമുണ്ടാവാം. എന്നാൽ ഒരു ഇസ്‌ലാമിക ഗവൺമെന്റ് നടപ്പിലാക്കുന്ന ശിക്ഷാരീതികൾ മതേതര ഗവൺമെന്റ് നടപ്പിലാക്കിയേ പറ്റൂവെന്ന് പറയാൻ നമുക്ക് അവകാശമില്ല. ഇന്ത്യാരാജ്യത്ത് കളവ് നത്തിയവനും വ്യഭിചരിച്ചവനുമുള്ള ശിക്ഷ സാധാരണ ഗതിയിൽ തടവറയാണ്. എന്നാൽ ഇസ്‌ലാമിക ഗവൺമെന്റിൽ ഇതിന് രണ്ടിനും വ്യത്യസ്ത ശിക്ഷയാണുള്ളത്. കട്ടവന്റെ കൈ മുറിക്കും. വ്യഭിചരിച്ചവനെ എറിഞ്ഞ് കൊല്ലും, അല്ലെങ്കിൽ നൂറ് അടി അടിക്കും.

അത് പോലെത്തന്നെ ഒരു മതേതര ഗവൺമെന്റിന് കീഴിൽ ഏതൊരു മുസ്‌ലിം നാമധാരിക്കും ഏത് ആദർശമനുസരിച്ചും ജീവിക്കാം. മമ്പുറത്തെ തങ്ങൾ ദൈവമാണെന്ന് പറയാൻ ഈ രാജ്യത്ത് ഒരു മുസ്‌ലിം നാമധാരിക്ക് സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഒരു ഇസ്‌ലാമിക ഗവൺമെന്റിന് കീഴിൽ ജീവിക്കുന്ന ഒരു മുസ്‌ലിം അത് പറഞ്ഞാലോ?. അതോടെ തീരും അവന്റെ കാര്യം. ഇസ്‌ലാം ശക്തമായി വിരോധിച്ച ഏത് വിശ്വാസം സ്വീകരിക്കുവാനും അതനുസരിച്ച് ജീവിക്കുവാനും ഈ രാജ്യം ആർക്കും അവകാശം നൽകുന്നു. ജാറത്തിന് മുന്നിൽ ഒരു മുസ്‌ലിം സുജൂദ് ചെയ്യുന്നത് കണ്ടാൽ അവന്റെ ആ വിശ്വാസം സംരക്ഷിക്കാൻ ഈ രാജ്യത്തെ ഭരണകൂടം ബാധ്യതപ്പെട്ടവരാണ്. എന്നാൽ ഇസ്‌ലാമിക ഗവൺമെന്റിന് കീഴിൽ അങ്ങനെ ചെയ്താൽ പിന്നെയവന് ഒരു പക്ഷേ അല്ലാഹുവിന്റെ മുന്നിൽ സുജൂദ് ചെയ്യാൻ പോലും തലയുണ്ടാവില്ല എന്ന് വരാം.

ഇത്രയും പറഞ്ഞത്, ഈയിടെ വലിയ വിവാദമായ ഒരു സംഗതിയെക്കുറിച്ച് വിശദീകരിക്കാനാണ്. ഈ രാജ്യത്ത് ആർക്കും എന്ത് വിശ്വസിക്കാനും ജീവിക്കുവാനും സ്വാതന്ത്ര്യമുണ്ട് എന്ന ലളിത സത്യം മനസ്സിലാക്കാത്ത മുന്നാല് പക്വതയില്ലാത്ത യുവാക്കൾ നാടുകാണി ചുരത്തിലുള്ള ഏതോ ഒരു ജാറം തകർക്കുന്നതിനിടയിൽ പോലീസ് പിടിയിലാവുകയുണ്ടായി. ഇസ്‌ലാമിക നിയമപ്രകാരം ജാറം പൊളിക്കേണ്ടതാണെന്നതിൽ യാതൊരു തർക്കവുമില്ല. പക്ഷെ ഇന്ത്യാരാജ്യത്തിന് നികുതി കൊടുത്ത് ഇവിടെ ജീവിക്കുന്ന ക്വുബൂരിക്ക് ജാറം പണിയാനും (അതിൽ ശവമുണ്ടെങ്കിലും ഇല്ലെങ്കിലും) അവിടെപ്പോയി പ്രാർത്ഥിക്കാനും ശയനപ്രദക്ഷിണം ചെയ്യാനും സുജൂദ് ചെയ്യാനും സ്വാതന്ത്ര്യമുണ്ട് എന്നതൊരു വസ്തുതയാണ്. അതിന് യഥേഷ്ടം ഫത്‌വകൾ പടച്ച് വിടാൻ പാതിരിമാർക്കും സ്വാതന്ത്ര്യമുണ്ട് എന്നതും ശരി തന്നെ. മറ്റുള്ളവരുടെ ആരാധനാ സ്വാതന്ത്ര്യം വക വെച്ച് കൊടുക്കുന്നവരാണ് മുജാഹിദുകൾ. ജാറപ്പൂജകരായ ക്വുബൂരികളുടെ വിശ്വാസം തെറ്റാണെന്ന് പറയാൻ മുജാഹിദിന് സ്വാതന്ത്ര്യമുണ്ട് എന്നത് പോലെത്തന്നെ അതിനെ ആരാധിക്കാൻ അവർക്കും സ്വാതന്ത്ര്യമുണ്ട്. അത് മനസ്സിലാക്കാതെ ക്വുബൂരികളുടെ ആരാധനാ കേന്ദ്രമായ ജാറം തകർക്കാനോ കേട് വരുത്താനോ തുനിയുന്നത് തെറ്റ് തന്നെയാണ്. പക്ഷെ നാടുകാണി ചുരത്തിലെ ജാറം തകർത്തതുമായി ബന്ധപ്പെട്ട് അറസ്റ്റിലായ നാല് പേരിൽ ഒരാൾ പോലും മുജാഹിദ് പ്രസ്ഥാനത്തിൽ മെമ്പർഷിപ്പുള്ളവനല്ല. ആ സംഭവവുമായി മുജാഹിദ് പ്രസ്ഥാനത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ ഒരു ബന്ധവുമില്ല താനും. എന്നിട്ടും കരിമ്പ് ഇരുമ്പാക്കി മാറ്റാനും ഇരുമ്പ് കരിമ്പാക്കി മാറ്റാനും കാരന്തൂരിൽ നിന്നും പരിശീലനം ലഭിച്ച പുരോഹിതൻമാർ ആ സംഭവം മുജാഹിദ് പ്രസ്ഥാനത്തിന്റെ തലയിൽ കെട്ടി വെക്കാനാണ് ശ്രമിക്കുന്നത്.

നാടുകാണി ചുരത്തിലെ ജാറം ഫോറസ്റ്റിന്റെ കൈവശമുള്ള സ്ഥലത്താണെന്നാണ് പറഞ്ഞ് കേൾക്കുന്നത്. അങ്ങനെയാണെങ്കിൽ ആ ജാറം പൊളിച്ച് മാറ്റാൻ ഗവൺമെന്റ് തയ്യാറാകേണ്ട

താണ്. കാരണം ആരാധനാലയങ്ങൾ സ്ഥാപിക്കേണ്ടത് അതാത് മതവിഭാഗങ്ങളുടെ കൈവശമുള്ള സ്ഥലത്താണ്. ഗവൺമെന്റിന്റെ കൈവശമുള്ള സ്ഥലങ്ങളിൽ അത് പാടില്ല തന്നെ. അത് കൊണ്ടാണ് മുമ്പത്തെ സർക്കാർ ഗവൺമെന്റിന്റെ സ്ഥലം കയ്യേറി ബിൽഡിംഗുകളും റിസോർട്ടുകളും നിർമിച്ച പല സ്ഥലങ്ങളിലും ജെ.സി.ബിയുമായി കേറി നിരത്തിയത്. എന്നാൽ ആ സംഭവങ്ങൾ നടക്കുമ്പോൾ തന്നെ ഗവൺമെന്റിന്റെ കീഴിലുള്ള സ്ഥലങ്ങളിൽ കെട്ടിയുയർത്തപ്പെട്ട പല ആരാധനാലയങ്ങളെയും തൊട്ടു നോക്കാൻ അധികാരികൾ തയ്യാറായില്ല. ദൈവത്തിന് പുല്ലുവില കൽപ്പിക്കുന്ന കമ്മ്യൂണിസ്റ്റുകൾക്കും ദൈവ ഭക്തൻമാരെ ഭയമുള്ള കാലമാണിത്. പൊതുമരാമത്തിന്റെ കീഴിലുള്ള എത്രയെത്ര റോഡുകളിൽ നിരവധി ജാറങ്ങൾ തലയുയർത്തി നിൽക്കുന്നു. അതിലൊന്നാണ് കോഴിക്കോട്-തൃശൂർ റോട്ടിൽ കുറ്റിപ്പുറത്തിനടുത്ത് റോഡിൽ നിൽക്കുന്ന ഒരു ജാറം. ഏത് മനുഷ്യനാണ് അതിനുള്ളിൽ കിടക്കുന്നതെന്ന് അതിന്റെ ഉപാസകർക്ക് പോലും തിട്ടമില്ല. ഏത് ഖോജ കിടന്നാലും റോഡിനോട് തൊട്ടു, തൊട്ടില്ല എന്ന മട്ടിൽ തലയുയർത്തി നിൽക്കുന്ന ഈ ജാറം റോഡ് വികസനത്തിന് പോലും തടസ്സമാണ്. മുസ്‌ലിമിന്റെ സ്വർഗ പ്രവേശനത്തിന് വലിയ തടസ്സമാണ് എന്നത് അവിടെ നിൽക്കട്ടെ. ആളെ സ്വർഗ്ഗത്തിലാക്കുന്നത് ഗവൺമെന്റിന്റെ പണിയല്ല. എന്നാൽ പൊതുമരാമത്തിന്റെ സ്ഥലം സംരക്ഷിക്കാൻ ബാധ്യതപ്പെട്ടവരാണ് അധികാരികൾ. അത് കൊണ്ട് തന്നെ ഈ ജാറമൊക്കെ പൊളിച്ച് നീക്കാൻ അധികാരികൾ തന്നെ രംഗത്ത് വരണം. ഗവൺമെന്റിന്റെ സ്ഥലം കയ്യേറിയത് തിരിച്ച് പിടിക്കാൻ ഗവൺമെന്റ് ഈയിടെ ഒരു ചെറിയ ശ്രമം നടത്തി നോക്കിയെങ്കിലും ഈ ജാറത്തിനെ തിരിഞ്ഞ് നോക്കിയതു പോലുമില്ല. ഇനി ഇതൊരു കമ്മ്യൂണിസ്റ്റ് ജാറമായത് കൊണ്ടാണോ എന്നറിയില്ല. കാരണം ലോകത്തുള്ള സകല ജാറങ്ങളും പച്ച കുളിച്ച് നിൽക്കുന്നവയാണെങ്കിലും ഈ ജാറം മാത്രം ചുവന്ന പെയിന്റ് കൊണ്ടാണ് അലങ്കരിച്ചിരിക്കുന്നത്. ഒറ്റ നോട്ടത്തിൽ കണ്ണൂരിലുള്ള ഏതോ രക്തസാക്ഷി മണ്ഡപമാണോ എന്ന് തോന്നിപ്പോകും.

പറഞ്ഞ് വന്നത്, ജാറം തകർക്കണമെന്നത് ഇസ്‌ലാമിന്റെ നിയമമാണെങ്കിലും അതാഗ്രഹിക്കുന്നവരാണ് മുജാഹിദുകളെങ്കിലും തന്റെ അധികാര പരിധിക്കപ്പുറത്ത് ആരെങ്കിലും ജാറം കെട്ടിയാൽ അത് തകർക്കാൻ ഒരുത്തന് അവകാശമില്ല. സർക്കാർ സ്ഥലത്താണെങ്കിൽ ഗവൺമെന്റിന് പൊളിക്കാം. നാടുകാണി ചുരത്തിലുള്ള ജാറവും പറഞ്ഞ് കേട്ടിടത്തോളം ഫോറസ്റ്റിന്റെ കയ്യിലുള്ള ഭൂമിയിലാണ് സ്ഥിതി ചെയ്യുന്നത്. അത് കൊണ്ട് തന്നെ അത് പൊളിക്കുക എന്നത് ഫോറസ്റ്റിന്റെ അധികാരത്തിൽ പെട്ട സംഗതിയാണ്. ആ അധികാരം വ്യക്തികളല്ല നടപ്പിലാക്കേണ്ടത്. നിയമം കയ്യിലെടുക്കാനും മറ്റുള്ളവരുടെ ആരാധനാ സ്വാതന്ത്ര്യം തടയാനും ആർക്കും അവകാശമില്ല. അത് വ്യക്തമായി തിരിച്ചറിയുന്നവർ തന്നെയാണ് കെ.എൻ.എമ്മിന്റെയും ഐ.എസ്.എമ്മിന്റെയും എം.എസ്.എമ്മിന്റെയും പ്രവർത്തകർ. അത് കൊണ്ട് തന്നെ തങ്ങളുടെ അധികാര പരിധിക്ക് പുറത്തുള്ളതോ തങ്ങൾക്ക് അനുവാദം ലഭിക്കാത്തതോ ആയ ഖുബൂരികളുടെ ആരാധനാ കേന്ദ്രമായ ഒരു ജാറത്തിന് മുകളിലും കൈ വെക്കാൻ കെ.എൻ.എമ്മിന്റെയോ പോഷക ഘടകങ്ങളുടെയോ ഒരു മെമ്പറും തയ്യാറാവില്ല. ജാറം കെട്ടിപ്പൊക്കുന്നതിന്റെ ഇസ്‌ലാമിക മാനം അറിയുന്ന മുജാഹിദുകളല്ലാത്ത മുസ്‌ലിംകളും കേരളത്തിലുണ്ട്. അത്തരത്തിൽ പെട്ട ആരെങ്കിലും പക്വതയുടെയും നിയമപരിജ്ഞാനത്തിന്റെയും കമ്മി കൊണ്ട് എന്തെങ്കിലും എടുത്ത് ചാട്ടം നടത്തിയിട്ടുണ്ടെങ്കിൽ ആ സംഭവം ഖുബൂരികൾ മുജാഹിദുകളുടെ തലയിൽ കെട്ടി വെക്കേണ്ടതില്ല. അമ്പലത്തിലെ ആൽത്തറയിൽ കെട്ടിവെച്ചിരിക്കുന്ന ചെണ്ടയെപ്പോലെ ആർക്കും പോണ പോക്കിൽ ഒരു കൊട്ട് കൊട്ടാവുന്ന ചെണ്ടയാണ് മുജാഹിദ് പ്രസ്ഥാനമെന്നത് ഏതെങ്കിലും ഖുബൂരി ധരിച്ച് വെച്ചിട്ടുണ്ടെങ്കിൽ ആ ധാരണ തിരുത്തുന്നത് നല്ലതാണ്.

നാടുകാണി ചുരത്തിലെ ജാറം ചില ചെറുപ്പക്കാർ തകർത്തപ്പോൾ ഖുബൂരികൾക്കുണ്ടായ രോഷം അത്ഭുതാവഹമായിരുന്നു. കേരളത്തിൽ പലയിടങ്ങളിലും മൂത്ത ഖുറാഫികളും ഇളംഖുറാഫികളും പ്രകടനങ്ങളും പൊതുയോഗങ്ങളുമായി 'വഹാബീ ഭീകരത'ക്കെതിരിൽ ഉറഞ്ഞ് തുള്ളി. ബാബരീ മസ്ജിദ് പൊളിക്കപ്പെട്ടപ്പോൾ പോലും ഖുബൂരികൾ ഇത്രക്ക് ഹാലിളകിയിട്ടില്ല. കാരണം ബാബരി മസ്ജിദ് മുസ്‌ലിംകളുടെ ആരാധനാ കേന്ദ്രമായിരുന്നു. ജാറമാകട്ടെ ഖുബൂരികളുടെ ആരാധനാ കേന്ദ്രമാണ്. അത് കൊണ്ട് തന്നെ ജാറത്തിൽ തൊട്ടാൽ ഖുബൂരി

യുടെ ചങ്ക് കലങ്ങും. അവൻ അലമുറയിടും. മാറത്തടിക്കും. എന്തെന്നാൽ ജാറ സേവകരായ ശിയാക്കളുടെ കേരള പതിപ്പാണ് ഇവിടുത്തെ സുന്നി എന്ന് അറിയപ്പെടുന്നവർ. ഇറാഖിൽ അമേരിക്ക ബോംബ് വർഷിച്ച് നിരവധി പള്ളികൾ തകർത്തപ്പോൾ ഇളകാതിരുന്ന ശിയാക്കൾ ശൈഖ് ജീലാനിയുടെ ജാറത്തിന്റെ പരിസരത്ത് ഒരു ബോംബ് വീണപ്പോൾ സട കുടഞ്ഞെണീറ്റിരുന്നു. ആ ശിയാരക്തം സിരകളിലോടുന്ന കേരള ക്വുബൂരിക്കും ജാറത്തിൽ തൊട്ടാൽ പൊള്ളുമെന്നത് സത്യമാണ്. മാത്രവുമല്ല, പള്ളിയോടില്ലാത്ത അഭിനിവേശം ക്വുബൂരികൾക്ക് ജാറത്തിനോടുണ്ടാകാൻ വേറൊരു കാര്യവുമുണ്ട്. പള്ളിയെ മഹല്ല് ഭാരവാഹികൾ പരിപാലിക്കണം. എന്നാൽ ജാറമാകട്ടെ മഹല്ല് ഭാരവാഹികളെ പരിപാലിച്ച് കൊള്ളും. യാതൊരു മുതൽമുടക്കുമില്ലാതെ കോടികൾ സമ്പാദിക്കാൻ പറ്റിയ ഏക ബിസിനസ് ലോകത്ത് ജാറം മാത്രമാണ്.

ഏതായാലും ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന നാടുകാണി ചുരത്തിലെ ജാറത്തിന്റെ സംരക്ഷണാവകാശം ഇനി മുതൽ കാരന്തൂരികൾ ഏറ്റെടുക്കാൻ പോവുകയാണെന്നാണ് അവരുടെ അലർച്ച കാണുമ്പോൾ മനസ്സിലാകുന്നത്. ഇനിയാണ് അവിടെ 'കറാമത്തിന്റെ' പെരുമഴ പെയ്യാൻ പോകുന്നത്. അതിലൂടെ നടന്ന് പോയ ആമിനക്കുട്ടിക്ക് ഗർഭമുണ്ടായതും അങ്ങോട്ട് മുഖം തിരിച്ച മൊയ്തീന്റെ മന്ത് മാറിയതും ജാറത്തിനെ നോക്കി ചിരിച്ച കുഞ്ഞിപ്പാത്തുവിന് കുട്ടിയുണ്ടായതും മുതൽ അവിടെ ഇറങ്ങി മൂത്രമൊഴിച്ച മമ്മത് മന്ദബുദ്ധിയായതും വരെ 'കറാമത്തിന്റെ' ഒരു പരമ്പരയാണ് ഇനി വരാൻ പോകുന്നത്. അതിനും പുറമെ തിരിയും വിളക്കും ശയന പ്രദക്ഷിണവും പൂ വിതറലും ഉറൂസും ചന്ദനക്കുടവും എഴുന്നള്ളത്തും ആനയും അമ്പാരിയുമെല്ലാം ഇനി കേരള മുസ്‌ലിംകൾക്ക് കാണാം. എന്തിനും ഏതിനും ഫത്‌വ വാരി വിതറുന്ന പൊൻമളക്കാരൻ മുഫ്തി നൂറ്ക്കണക്കിന് പാളക്കിത്താബുകൾ അട്ടിയിട്ട് അതിന് മുകളിൽ അടയിരിക്കുന്നേടത്തോളം കാലം ക്വുബൂരികൾക്ക് ആരെ ഭയപ്പെടാൻ?. ഒരു ചാണിലധികം കെട്ടിപ്പൊക്കിയ ക്വബ്റുകൾ തട്ടി നിരത്തണമെന്ന് പറഞ്ഞ ശാഫിഈ പണ്ഡിതൻമാർ പോയി തുലയട്ടെ. മുതലക്കുളം മൈതാനിയിൽ മുതലയും കുളവുമില്ല, നെയ്യപ്പത്തിൽ നെയ്യുമില്ല. പിന്നെയെന്തിന് ശാഫിഈ മദ്ഹബുകാരെന്നറിയപ്പെടുന്ന കേരത്തിലെ സമസ്തക്കാർ ശാഫിഈ ഇമാം പറഞ്ഞത് സ്വീകരിക്കണമെന്ന് നാം വാശി പിടിക്കണം?.